**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2432**
**08.03.2017 ലെ മറുപടിയ്ക്ക്**

**<u>എസ്.എൽ.ഐ., ജി.ഐ.എസ്. പ്രതിമാസ പ്രീമിയം തുക</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| **എ** | എസ്.എൽ.ഐ., ജി.ഐ.എസ്. സ്കീമുകളിൽ സർക്കാർ ജീവനക്കാർ അടയ്ക്കുന്ന പ്രതിമാസ പ്രീമിയം തുക സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ വെബ് സൈറ്റ് വഴി പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ആദ്യഘട്ടം 01.04.2017 മുതൽ നടപ്പിലാക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്.കമ്പ്യൂട്ടർവത്ക്കരണത്തിന്റെ രണ്ടാം ഘട്ടവും പൂർണ്ണമായി നടപ്പിലാക്കിയ ശേഷം മാത്രമേ ഇത്തരത്തിൽ വിവരങ്ങൾ പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| **ബി** | ഇത്തരത്തിൽ ജീവനക്കാർക്ക് അവരുടെ പ്രതിമാസ അടവുകൾ പോളിസി എടുത്ത വർഷം മുതൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ വകുപ്പിൽ ഡിജിറ്റലൈസേഷൻ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികളുടെ അന്തിമഘട്ടത്തിലാണ്. ഉപഭോക്താക്കളുടെ ജി.ഐ.എസ്/എസ്.എൽ.ഐ വരിസംഖ്യ കിഴിവ് വിവരങ്ങൾ സ്പാർക്ക് മുഖേന ഇൻഷ്വറൻസ് വകുപ്പിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകുമ്പോൾ മാത്രമേ ഈ വിവരങ്ങൾ പരസ്പരം ബന്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സ്കീമുകളുടെ പ്രതിമാസ വരിസംഖ്യ വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വെബ് സൈറ്റ് വഴി പ്രസിദ്ധീകരിക്കുന്നതിന് |

| | | |
|---|---|---|
| | | ഉപഭോക്താക്കളുടെ നാളിതുവരെയുള്ള വരിസംഖ്യ കിഴിക്കൽ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആയത് ഘട്ടം ഘട്ടമായി ശേഖരിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു. |
| **സി** | ഉണ്ടെങ്കിൽ ഡിജിറ്റലൈസേഷൻ എപ്പോഴത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്നാണ് കരുതുന്നത്? | നിലവിൽ 9 ലക്ഷത്തോളം വരുന്ന എസ്.എൽ.ഐ പോളിസികളുടേയും 6 ലക്ഷത്തോളം വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് അക്കൗണ്ടുകളുടേയും പ്രതിമാസ വരിസംഖ്യാ വിവരങ്ങൾ ശേഖരിക്കുന്ന മുറയ്ക്ക് മേൽ പറഞ്ഞ ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ